ജോലി ചെയ്യുന്നവർ എന്നീ വിഭാഗത്തിലുള്ളവരാണ് കേരള പ്രവാസി കേരളീയ ക്ഷേമനിധിയിൽ അംഗങ്ങളായുള്ളത്. ഇവർ അംശദായമായി പ്രതിമാസം അടയ്ക്കേണ്ട തുക യഥാക്രമം 300, 100, 100, 50 രൂപ വീതമാണ്. പ്രവാസി ക്ഷേമനിധിയിൽ അംഗമായി ചേരുവാനുള്ള പ്രായം, 18-നും 55-നും മദ്ധ്യേയാണ്. 55 വയസ്സ് എന്നുള്ളത് 60 ആയി വർദ്ധിപ്പിക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. പ്രതിമാസ പെൻഷൻ കൂടാതെ ഈ പദ്ധതിയിൻകീഴിൽ കുടുംബ പെൻഷൻ, അവശത പെൻഷൻ, മരണാനന്തര ധനസഹായം, ചികിത്സാ ധനസഹായം, വിവാഹ ധനസഹായം, പ്രസവാനുകൂല്യം, വിദ്യാഭ്യാസ ഗ്രാന്റ് എന്നീ ആനുകൂല്യങ്ങളും നൽകിവരുന്നു.

## ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ്

80 (3282) ശ്രീ. വി. ഡി. സതീശൻ:
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) എന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

(ബി) തിരികെയെത്തിയ പ്രവാസികളെ സംരംഭകരാക്കുന്നതിന് മാർഗ്ഗ നിർദ്ദേശം നൽകുകയും മൂലധന സബ്സിഡിയും പലിശ സബ്സിഡിയും നൽകുകയും ചെയ്യുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യം. തിരികെയെത്തിയ പ്രവാസികളെ പ്രത്യേക ഉപഭോക്താക്കളായി പരിഗണിച്ച് പുതിയ സംരംഭങ്ങൾ സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് ആരംഭിക്കുന്നതിന് ആവശ്യമായ കൈതാങ്ങൽ നൽകുക, തിരികെയെത്തിയ പ്രവാസികളുടെ ജീവിതമാർഗ്ഗത്തിനായി ഒരു സുസ്ഥിര സംരംഭക മാതൃക വികസിപ്പിക്കുക എന്നതും പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പദ്ധതി നടത്തിപ്പിനായി കാനറാ ബാങ്ക്, സൗത്ത് ഇന്ത്യൻ ബാങ്ക്, യൂണിയൻ ബാങ്ക് എന്നിവയുമായി നോർക്ക-റൂട്ട്സ് ധാരണാപത്രത്തിൽ ഒപ്പുവച്ചിട്ടുണ്ട്. ലഭിക്കുന്ന അപേക്ഷകൾ നോർക്ക-റൂട്ട്സ് പരിശോധിച്ച് അർഹതയുടെ അടിസ്ഥാനത്തിൽ ലിസ്റ്റ് തയ്യാറാക്കി അതത് ജില്ലകളിൽ വച്ച് ബാങ്കുകളെ കൂടി ഉൾപ്പെടുത്തി ഗുണഭോക്താക്കളുമായി കൂടിക്കാഴ്ച നടത്തിയാണ് വായ്പ ലഭ്യമാക്കുന്നത്.

**മൗര്യ രാജധാനി ഹോട്ടൽ**

81 (3283) ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം സ്റ്റാറ്റ്യൂ-പുളിമൂട് റോഡിൽ സ്ഥിതി ചെയ്യുന്ന മൗര്യ രാജധാനി ഹോട്ടൽ ആരുടെ ഉടമസ്ഥതയിലുള്ള കെട്ടിടമാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ കെട്ടിടം അനുമതി ഇല്ലാതെ പുതുക്കി പണിതവിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ കെട്ടിടം പരിശോധിച്ചത് ഏത് ഉദ്യോഗസ്ഥനായിരുന്നു; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പ്രസ്തുത കെട്ടിടത്തിന്റെ ടോയ്ലെറ്റ് ടാങ്ക് പി.ഡബ്ല്യൂ.ഡി റോഡിൽ സ്ഥാപിച്ചിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ടോയ്ലെറ്റ് ടാങ്ക് കോർപ്പറേഷന്റെ ഏത് ഉദ്യോഗസ്ഥനാണ് പരിശോധിച്ച് അനുമതി നൽകിയിട്ടുള്ളതെന്ന വിവരം വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത കെട്ടിടം ഫയർ/റസ്ക്യൂ വകുപ്പിന്റെ അനുമതി ഇല്ലാതെയാണ് പ്രവർത്തിക്കുന്നതെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രവർത്തനാനുമതി നിഷേധിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ;

(ഇ) പ്രസ്തുത കെട്ടിടത്തിന്റെ പാർക്കിംഗ് ഏരിയ പി.ഡബ്ല്യൂ.ഡി. റോഡ് കയ്യേറി നിർമ്മിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിശോധിച്ച് നടപടി സ്വീകരിക്കുവാൻ കോർപ്പറേഷന് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) സ്റ്റാച്യു ജനറൽ ഹോസ്പിറ്റൽ റോഡിൽ മൗര്യ രാജധാനി എന്ന ഹോട്ടൽ ശ്രീ. ബിജു രമേശിന്റെ ഉടമസ്ഥതയിലുള്ളതാണ്.

(ബി-ഇ) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly